"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. ഷിബി ദാസ്, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്- II, ജനറൽ ആശുപത്രി, തലശ്ശേരി, കണ്ണൂർ - ആശുപത്രി അവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.148/2025/H&FWD തീയതി,തിരുവനന്തപുരം, 20-01-2025

---

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 21/02/2024 തീയതിയിലെ ഡിഎച്ച്എസ്/21369/2023-ഇഎഫ്3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ തലശ്ശേരി ജനറൽ ആശുപത്രിയിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II ആയി ജോലി ചെയ്തുവരുന്ന ശ്രീമതി. ഷിബി ദാസ്-ന് 18/10/2022 തീയതിയിൽ ജോലിസ്ഥലത്തേക്ക് പോകുന്ന വഴിയിൽ അപകടം സംഭവിച്ചതിനെത്തുടർന്ന് ചികിൽസാർത്ഥം ജോലിയിൽനിന്നും വിട്ടുനിന്ന 18/10/2022 മുതൽ 01/12/2022 വരെ ആശുപത്രി അവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരാമർശ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ശ്രീമതി. ഷിബി ദാസ് അവധി കഴിഞ്ഞ് 02/12/2022 തീയതിയിൽ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ തലശ്ശേരി ജനറൽ ആശുപത്രിയിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്- II ആയി ജോലി ചെയ്തുവരുന്ന ശ്രീമതി. ഷിബി ദാസ്-ന് 18/10/2022 തീയതിയിൽ ജോലിസ്ഥലത്തേക്ക് വരുന്ന വഴിയിൽ അപകടം സംഭവിച്ചതിനെത്തുടർന്ന് ചികിൽസാർത്ഥം ജോലിയിൽനിന്നും വിട്ടുനിന്ന 18/10/2022 മുതൽ 01/12/2022 വരെയുള്ള 45 ദിവസത്തേക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 103 പ്രകാരം ആശുപത്രി അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജി സി എൻ

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ, കണ്ണൂർ.

സൂപ്രണ്ട്, തലശ്ശേരി ജനറൽ ആശുപത്രി, കണ്ണൂർ.

ശ്രീമതി. ഷിബി ദാസ്, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II, തലശ്ശേരി ജനറൽ ആശുപത്രി, കണ്ണൂർ.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (F2/75/2024-HEALTH ഫയലിലേയ്ക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 20-01-2025 16:50:39

സെക്ഷൻ ഓഫീസർ.